നം. ഇ.എസ് 2-83736/2019/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 14/11/2019

# നോട്ടീസ്

വിഷയം : ആ.വ.ഡ – കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസിലെ ക്ലാർക്ക് ടൈപ്പിസ്റ്റ് ആയ ശ്രീ. ശ്രീജിത്ത്. എസ് ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്-

സൂചന :
1. നം.എ2-19592/2019/ജി.മെ.ഓ(ആ), കൊല്ലം, തീയതി. 10/10/2019
2. Advice No. QRI(I) 3513/KPSC, KLM, Dated: 27.06.2012
3. എ2-8314/2005/ജി.മെ.ഒ(ആ), കൊല്ലം, തീയതി. 09.07.2012
4. എ2-19592/2019/ജി.മെ.ഓ(ആ), കൊല്ലം, തീയതി. 02/11/2019
5. ഉത്തരവ് നം. ഇ. എസ് 2-88500/2014/ആ.വ.ഡ, തീയതി. 26.06.2015

ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ പേര് ചേർക്കുന്നതിനായി കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസിലെ ക്ലാർക്ക് ടൈപ്പിസ്റ്റ് ആയ ശ്രീ. ശ്രീജിത്ത്. എസ് സമർപ്പിച്ച അപേക്ഷ സൂചന 1 പ്രകാരം അയച്ചു തന്നിരിക്കുന്നു.

ശ്രീ. ശ്രീജിത്ത്. എസ് സൂചന 2 പ്രകാരമുള്ള പി. എസ്. സി അഡ്വൈസിന്റെയും സൂചന 3 പ്രകാരമുള്ള കൊല്ലം ജില്ലാ മെഡിക്കൽ മെഡിക്കൽ ഓഫീസറുടെ നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 16.08.2012 ൽ ക്ലാർക്ക് ടൈപ്പിസ്റ്റ് ആയി സർവ്വീസിൽ പ്രവേശിച്ചു. ശ്രീ. ശ്രീജിത്ത്. എസ് 29.09.2012 ൽ ക്ലറിക്കൽ തസ്തികയിലേക്ക് ഓപ്ഷൻ നൽകിയിട്ടുള്ളതും ആയത് സൂചന 4 പ്രകാരം കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ അംഗീകരിച്ചിട്ടുള്ളതുമാണ്.

സൂചന 5 പ്രകാരമുള്ള 01.01.2009 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ എൽ. ഡി ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടില്ല. മേൽ സാഹചര്യത്തിൽ സൂചന 2 പ്രകാരമുള്ള പി. എസ്. സി അഡ്വൈസിന്റെ മുൻഗണന പരിഗണിച്ച് ശ്രീ. ശ്രീജിത്ത് എസ് നെ സൂചന 5 പ്രകാരമുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 246 A എന്ന സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

457317 GOVERNMENT OF KERALA 2017-18

| Sl. No. | Name | Date of Birth | Date of entry in Service | G.O No. | Date of Reckoned for seniority | Old Rank No. | New Rank No. | Remarks |
|---|---|---|---|---|---|---|---|---|
| 1 | Ajith Mathew | 23.11.1989 | 29.06.2012 | G.O.(MS)No. 274/2009/H & FWD, Dated: 31/07/2009 ED1-06/2012/DHS(2), Dated: 30.05.2012, A2-1896/2004/DMO(H)PKD, Dated: 25.06.2012 | 25.06.2012 | 246 | -- | |
| 2 | Sreejith. S | 31.05.1975 | 16.08.2012 | Advice No. QRI(I)3513/KPSC, KLM, Dated: 27.06.2012, A2-8314/2005/DMO(H)KLM, Dated: 09.07.2012 | 27.06.2012 | -- | 246 A | |
| 3 | Rajesh Kumar. K. T | 15.05.1986 | 06.07.2012 | G.O(MS)No.67/2009/H & FWD, Dated: 05.03.2009 ED1-06/2012/DHS(2), Dated: 30.05.2012, A2-8955/2000/DMO(H), PTA, Dated: 30.06.2012 | 30.06.2012 | 247 | -- | |

ഈ നോട്ടീസിന്മേൽ ആർക്കെങ്കിലും പരാതികളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ലായെന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-
ബി. എസ്. ബിജു ഭാസ്കർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ശ്രീ. ശ്രീജിത്ത്. എസ്

ക്ലാർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, കൊല്ലം

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കൊല്ലം
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
4. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ
5. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

GOVERNMENT OF KERALA 2017-18